പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 671

13/01/2021- ൽ മറുപടിക്ക്

## സഹകരണ വകുപ്പിലെ നിയമനങ്ങൾ

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി. മുഖേനയും കരാർ അടിസ്ഥാനത്തിലും താൽക്കാലികമായും എത്രപേർക്ക് സഹകരണവകുപ്പിൽ നിയമനം നൽകി; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി മുഖേന സഹകരണ വകുപ്പിൽ നിയമനം നൽകിയതിന്റെ തസ്തിക തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>ജൂനിയർ ഇൻസ്പെക്ടർ-669<br>ക്ലാർക്ക്-163<br>ടൈപ്പിസ്റ്റ്-74<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-3<br>ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ-134<br>ഡ്രൈവർ-5<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പിൽ കരാർ അടിസ്ഥാനത്തിലും താൽക്കാലികമായും ആർക്കും തന്നെ നിയമനം നൽകിയിട്ടില്ല. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണവകുപ്പിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. |
| സി) | സഹകരണ വകുപ്പിൽ റിക്രൂട്ട്മെന്റ് റൂൾസ്/സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; എത്ര സ്ഥാപനങ്ങളിൽ ഇനി നടപ്പിലാക്കുവാനുണ്ട്; വ്യക്തമാക്കുമോ; | സി) | സഹകരണ വകുപ്പിലെ നിയമനങ്ങൾ അംഗീകൃത സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. |

| | | | |
|---|---|---|---|
| ഡി) | റിക്രൂട്ട്മെന്റ് റൂൾസ്/സ്പെഷ്യൽ റൂൾസ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച സഹകരണ വകുപ്പിലെ സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ; | ഡി) & ഇ) | സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ച് നൽകിയിട്ടുണ്ട്:<br>1. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്<br>2. സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ<br>3. സംസ്ഥാന സഹകരണ മാർക്കറ്റിംങ്ങ് ഫെഡറേഷൻ<br>4. സംസ്ഥാന സഹകരണ എസ്.സി./എസ്.റ്റി ഫെഡറേഷൻ<br>5. സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ<br>6. സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംങ്ങ് ഫെഡറേഷൻ<br>കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പുതിയ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുകയാണ്. |
| ഇ) | സഹകരണ വകുപ്പിലെ റിക്രൂട്ട്മെന്റ് റൂൾസ്/സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**